പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1057 | 05.03.2020 ൽ മറുപടിക്ക്

# സുരക്ഷിത ട്രെയിൻ യാത്ര ഉറപ്പാക്കാനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരേ രാത്രിയിൽ ചെന്നൈ - മംഗലൂരു എക്സ്പ്രസ്സിലും തിരുവനന്തപുരം - മംഗലൂരു മലബാർ എക്സ്പ്രസ്സിലുമുണ്ടായ വൻ സ്വർണക്കവർച്ച സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ലക്ഷങ്ങൾ വിലമതിക്കുന്ന ആഭരണങ്ങളോടൊപ്പം പണവും വിലപ്പെട്ട രേഖകളും യാത്രക്കാർക്ക് നഷ്ടമായത് സംബന്ധിച്ച പരാതി റെയിൽവേ പോലീസിന് നൽകിയിട്ടുണ്ട്. കോഴിക്കോട് റെയിൽവേ പോലീസ് രണ്ട് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. |
| (ബി) | ലക്ഷങ്ങൾ വിലമതിക്കുന്ന ആഭരണങ്ങളോടൊപ്പം പണവും വിലപ്പെട്ട രേഖകളും യാത്രക്കാർക്ക് നഷ്ടമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ; | | |
| (സി) | യാത്രക്കിടയിലുണ്ടാകുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടി എടുക്കേണ്ടതും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും സംസ്ഥാന സർക്കാരിനു കീഴിലുള്ള ഗവൺമെന്റ് റെയിൽവേ പോലീസിന്റെ (ജി.ആർ.പി.) ചുമതലയിൽപ്പെട്ട കാര്യമാണോ; എങ്കിൽ അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെങ്കിലും നൂതന നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ നൽകുമോ; | (സി) | റെയിൽവേ സ്റ്റേഷൻ, പ്ലാറ്റ് ഫോം എന്നിവിടങ്ങളിലെ യാത്രക്കാരുടെ നിയന്ത്രണം, സ്റ്റേഷനുകളിലെ വാഹന നിയന്ത്രണം. സ്റ്റേഷനുകളിൽ നിർത്തിയിരിക്കുന്ന ട്രെയിനുകളുടെ മേൽനോട്ടം, ട്രെയിനുകളിൽ സ്ത്രീകൾക്കും, കുട്ടികൾക്കും, മുതിർന്നവർക്കും എതിരായി നടക്കുന്ന അതിക്രമങ്ങൾ തടയുക മുതലായവ ഗവൺമെന്റ് റെയിൽവേ പോലീസിന്റെ (ജി.ആർ.പി) ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. നിലവിലെ അംഗബലം വച്ച് നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും, യാത്രക്കാരുടെ സുരക്ഷ ഉറപ്പവരുത്തുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | യാത്രക്കാർക്ക് സുരക്ഷ നൽകാൻ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതും വിവിധ കേന്ദ്രങ്ങളിലും റയിൽവേ സ്റ്റേഷനുകളിലും സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പ്രവർത്തിക്കാത്തതും ട്രെയിനുകളിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും മോഷണവും വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ; | (ഡി) യും (ഇ) യും | യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി രാജ്യത്തെമ്പാടുമുള്ള റെയിൽവേ സ്റ്റേഷനുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും, ട്രെയിനിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെയും, കുട്ടികളുടെയും, മുതിർന്നവരുടെയും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി രാജ്യത്തെ മുഴുവൻ ട്രെയിനുകളിലെ കോച്ചുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ റെയിൽവേ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ പരിഹാരമാർഗമായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ